26-നാണ് സഭയിൽ വച്ചത്. കഴിഞ്ഞ കാലങ്ങളിൽ അഞ്ചെട്ടു വർഷത്തേത് നോക്കിയപ്പോൾ എല്ലാം 26-നു ശേഷമാണ് വച്ചിരിക്കുന്നത്. 27, 28, 29, 30, 31 എന്നീ തീയതികളിലാണ് വച്ചിട്ടുള്ളത്. പക്ഷെ അങ്ങനെയാണെങ്കിലും കഴിഞ്ഞ കാലങ്ങളിൽ ഇങ്ങനെ ഓരോന്നുകാണിച്ചുവെന്ന് വിചാരിച്ച് അനുകരിക്കുകയല്ല അത് തിരുത്തേണ്ടതായിട്ടുണ്ട്. ആ സ്പിരിറ്റ് ഉൾക്കൊള്ളാൻ മന്ത്രി തയ്യാറായി എന്നുള്ളതിന് മന്ത്രിക്ക് പ്രത്യേകം അഭിനന്ദനം രേഖപ്പെടുത്തുന്നു.

VII. നിയമനിർമ്മാണകാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക- ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി* ബിൽ)

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി) ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പില്ല. ഇതുവേഗം പാസ്സാക്കാവുന്നതാണ്. അടുത്തതിനാണ് ചർച്ച കാര്യമായിട്ടുള്ളത്.....ശ്രീ. കെ.സി. വേണുഗോപാൽ

ശ്രീ. കെ.സി. വേണുഗോപാൽ : സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, ഇതിൽ തർക്കമില്ലാതെയല്ല. തർക്കമുണ്ട്. ഭേദഗതി കൊടുത്തിരിക്കുന്നത് തർക്കമുള്ളതുകൊണ്ടല്ലേ. സർ, പ്രത്യക്ഷത്തിൽ തോന്നും വളരെ ചെറിയ ഒരു ഭേദഗതിയാണെന്ന്. അങ്ങ് ഇപ്പോൾ സൂചിപ്പിച്ചതുപോലെ അങ്ങനെ തോന്നുമെങ്കിലും ഫലത്തിൽ നമ്മുടെ സഹകരണമേഖലയിൽ തന്നെ ഇന്ന് നിലനിൽക്കുന്ന ചില അനാശാസ്യമായ പ്രവണതകൾക്ക് വളരെയധികം സഹായകമാകുന്ന ഒരു നിയമഭേദഗതിയായിട്ടാണ് എനിക്കിത് തോന്നിയിട്ടുള്ളത്. നമ്മുടെ 'നബാർഡ്' പോലെയുള്ള സ്ഥാപനങ്ങളിൽനിന്നും കിട്ടുന്ന വായ്പകൾ ഇൻസ്റ്റിറ്റ്യൂഷൻസിനും വ്യക്തികൾക്കും വിതരണം ചെയ്യുന്ന കാര്യത്തിൽ സഹകരണ രജിസ്ട്രാർമാർക്ക് ഉണ്ടായിരുന്ന ചില അധികാരങ്ങൾ ജോയിന്റ് രജിസ്ട്രാർ റാങ്കിലുള്ള ആളുകൾക്ക് നൽകുന്നതിനുവേണ്ടി പ്രധാനപ്പെട്ട വ്യവസ്ഥകൾക്കും..... അങ്ങനെയുള്ള വ്യവസ്ഥകൾ കണ്ടാൽ പ്രത്യക്ഷത്തിൽ നിരുപദ്രവമെന്ന് തോന്നുമെങ്കിലും നിരുപദ്രവമെന്ന് തോന്നുന്നതിന്റെ പിന്നിൽ ഇത് ദുരുപയോഗപ്പെടുത്താവുന്ന എല്ലാ സാധ്യതകളും

---

* അനുബന്ധം IV
144/2010.

LIBRARY ARCHIVES Kerala Legislative Assembly

അടങ്ങിയിരിക്കുകയാണ്. ശ്രീ. സുധാകരനൊക്കെ അതറിയാം. നമ്മുടെ നാട്ടിലെ ജോയിന്റ് രജിസ്ട്രാർമാരുടെ അവസ്ഥ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്കുമറിയാം. മന്ത്രി .പറഞ്ഞാൽപ്പോലും കേൾക്കാത്ത രീതിയിൽ പാർട്ടി ജില്ലാ ഘടകങ്ങളെ നിയന്ത്രിക്കുന്നത് പല സ്ഥലത്തുംകാണാം. നമ്മുടെ സഹകരണ ഇലക്ഷൻ നടന്നപ്പോൾ ആ ഇലക്ഷൻ റിട്ടേണിംഗ് ഓഫീ സർമാരായിരുന്ന ജോയിന്റ് രജിസ്ട്രാർമാർ കാട്ടികൂട്ടിയ സംഭവവികാസങ്ങൾ കേരളത്തിലെല്ലായിടത്തും അറിയാം. പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ. ചൊവ്വ സഹകരണ ബാങ്ക് ഇലക്ഷൻ തൊട്ടുതുടങ്ങി. ജോയിന്റ് രജിസ്ട്രാർമാർ മാത്ര മായിരുന്നു ഇത്തരം എല്ലാ വൃത്തികേടുകൾക്കും കൂട്ടുനിന്നത്. അപ്പോൾ രജി സ്ട്രാർമാരിൽ നിക്ഷിപ്തമായിരുന്ന ചില അധികാരങ്ങൾ - വിപുലമായ അധി കാരങ്ങൾ - ജോയിന്റ് രജിസ്ട്രാറിലേക്ക് വരുമ്പോൾ ഇത് ദുരുപയോഗപ്പെടു ത്താനുള്ള ക്യാൻവാസ് ധാരാളമാവുകയാണ് ചെയ്യുന്നത് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വായ്പ നൽകുന്ന കാര്യത്തിൽ സെക്യൂരിറ്റി ഇവാല്യൂവേഷനുള്ള അധികാരമാണ് രജിസ്ട്രാറിൽ നിന്നെടുത്ത് ജോയിന്റ് രജിസ്ട്രാറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : ബില്ലിൽ പറയുന്നത് എല്ലാം സഹകരണ സ്ഥാപനങ്ങള ല്ലല്ലോ. സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കു കൾ.....

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : ഞാൻ സൂചിപ്പിച്ചത് 'നബാർഡ്' അട ക്കമുള്ള ഗ്രാമീണ മേഖലകളെ പുനരുദ്ധരിക്കാൻവേണ്ടി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന ലോണാണ്. ഇത് വ്യക്തികൾക്കും നൽകു ന്നുണ്ട്. സ്ഥാപനങ്ങൾക്കും നൽകുന്നുണ്ട്. ഇങ്ങനെ നൽകുന്ന കാര്യത്തി ലുള്ള സെക്യൂരിറ്റി ഇവാല്യൂവേഷന്റെ കാര്യത്തിൽ അധികാരം രജിസ്ട്രാറിൽ നിന്ന് മാറ്റി ജോയിന്റ് രജിസ്ട്രാർ റാങ്കിലേയ്ക്ക് കൊടുക്കുന്നതോടുകൂടി ഇത് ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ വിപുലമാവുകയാണ് ചെയ്യുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ചാർജ്ജെടുത്തിട്ട് കുറച്ചുനാളേ ആയിട്ടുള്ളൂ. അങ്ങ് ചാർജ്ജെടുത്തയുടൻ ഇത്തരം ഒരു നിയമം കൊണ്ടുവരുന്നത് അങ്ങയുടെ വിശാലമായ താല്പര്യ ങ്ങൾക്ക് ഗുണകരമാണോ? ഇതിൽ പറഞ്ഞിരിക്കുന്നത് എല്ലാ ജില്ലകൾക്കും കൂടുതൽ സൗകര്യങ്ങൾ കിട്ടുന്നതിനുവേണ്ടി രജിസ്ട്രാറിൽനിന്ന് താഴോട്ടു മാറ്റുന്നു എന്നാണ്. പക്ഷെ ഫലത്തിൽ വരാൻ പോകുന്നത് ഇത് ദുരുപയോഗ പ്പെടുത്താനുള്ള ശ്രമമായിരിക്കും. സഹകരണ മേഖലയിൽ നടക്കുന്ന എല്ലാ കാര്യങ്ങളും നേരെയാണെന്ന് മന്ത്രിക്കുപോലും പറയാൻ കഴിയുകയില്ല. കഴിഞ്ഞ നിയമസഭാസമ്മേളനങ്ങളിൽ ചർച്ച ചെയ്തതാണ്. കേരളത്തിനാക മാനം ചർച്ചചെയ്ത സംഭവമാണ്. അതിനുവേണ്ടി പുതിയ നിയമമുണ്ടാക്കാൻ പോകുന്നു. സെലക്ട് കമ്മിറ്റിക്ക് പോകുന്നു, കാർഷിക മേഖലയിലെ ആളു കൾക്ക് വ്യക്തിപരമായ സഹായം ചെയ്യുന്ന കാര്യത്തിനപ്പുറമായി ഈ നിയമം ദുരുപയോഗപ്പെടും. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഒരു ക്ളാരിറ്റിയു ണ്ടാകണം. അതുപോലെ തന്നെ ഇവാല്യൂഷന്റെ കാര്യത്തിൽ കള്ള സത്യവാ ങ്മൂലം കൊടുത്താൽ അങ്ങനെ കൊടുത്തവർക്കെതിരെ കേസെടുക്കാനുള്ള അധികാരം, കേസിന് റെക്കമെന്റ് ചെയ്യാനുള്ള അധികാരം അതും രജിസ്ട്രാ റിൽ നിന്നും മാറ്റി ജോയിന്റ് രജിസ്ട്രാറിലേക്ക് പോയി. ഇത് സ്വന്തക്കാരെ രക്ഷിക്കാൻ വേണ്ടി ദുരുപയോഗപ്പെടുത്തുന്ന ഒരു നിയമമായി മാറ്റപ്പെടും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ബന്ധപ്പെട്ട വകുപ്പ് മാറ്റാനുള്ള നടപ

LIBRARY ARCHIVES Kerala Legislative Assembly

ടികൾ സ്വീകരിക്കണം. അതിനുവേണ്ടി വിപുലമായ ഒരു അഭിപ്രായത്തിനു വേണ്ടി ഇത് വിടണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട കെ.സി. വേണുഗോപാൽ ഈ ഭേദഗതിയിലൂടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തത് ശരിയല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. കാരണം അധികാരം കേന്ദ്രീകരിക്കുമ്പോഴാണ് ദുരുപയോഗപ്പെടുത്തൽ കൂടുതൽ സംഭവിക്കുവാൻ സാധ്യതയുള്ളത്. അധികാര വികേന്ദ്രീകരണത്തിലൂടെയാണ് ജനങ്ങൾക്ക്, ഉപഭോക്താക്കൾക്ക് കൂടുതൽ പ്രാപ്യതയും കാലതാമസം ഒഴിവാക്കുന്നതിനുമുള്ള സാധ്യതയും ഉണ്ടാകുന്നത്. ആ നിലയ്ക്ക് കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ ഇത് കേരളത്തിലെ സാമൂഹിക സാമ്പത്തിക ജീവിതത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതാണ്. കൃഷിയുടെ വികസനത്തിൽതന്നെ ഈ ബാങ്കുകളുടെ സാന്നിദ്ധ്യം വളരെയേറെ പ്രയോജനം ചെയ്യുന്നതാണ്. സാധാരണക്കാരായ കൃഷിക്കാർ ഉൾപ്പെടെ എല്ലാ കൃഷിക്കാർക്കും സഹായം എത്തിക്കുന്ന സ്ഥാപനമാണ് ഈ ബാങ്കുകൾ. ആ ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതിന്റെ വേഗത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് കാലോചിതമായ ആവശ്യമാണ്. ആ ആവശ്യം മനസ്സിൽ കണ്ടുകൊണ്ടാണ് രജിസ്ട്രാറിൽ മാത്രം നിക്ഷിപ്തമായിരുന്ന അധികാരങ്ങൾ കുറേക്കൂടി താണ തലത്തിലേയ്ക്ക്, ജോയിന്റ് രജിസ്ട്രാർ തലത്തിലേക്ക് വ്യാപിപ്പിക്കുവാനായി ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. രജിസ്ട്രാറിൽ നിക്ഷിപ്തമായിരുന്നാലും ജോയിന്റ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരുന്നാലും, ദുരുപയോഗം ചെയ്യുന്നതിന്റെ ധാരാളം കഥകൾ, ധാരാളം അനുഭവങ്ങൾ മുൻകാലങ്ങളിൽ ഇവിടെ ഉണ്ടായിട്ടുണ്ട്. അത്തരം ദുരുപയോഗത്തിന് എതിരായിട്ടുള്ള ബോധവൽക്കരണം, ഉദ്യോഗസ്ഥന്മാരിൽ ജനിപ്പിക്കുന്നതിന് ഈ നിയമത്തിലൂടെ വ്യവസ്ഥ ചെയ്യേണ്ടത് കാലോചിതവും അത്യാവശ്യമാണ് എന്നുപറയുവാൻ ഞാൻ താല്പര്യപ്പെടുന്നു.

<u>മി. സ്പീക്കർ</u> : മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (<u>ശ്രീ. എസ്.ശർമ്മ</u>) : സർ, ശ്രീ. കെ.സി. വേണുഗോപാൽ പേരുപറഞ്ഞതുകൊണ്ട് മാത്രം എടുക്കേണ്ട കാര്യമില്ല. പ്രത്യേകിച്ച് വേറൊരു ഉദ്ദേശവും ഇല്ല എന്നുള്ളത് ബില്ല് ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽതന്നെ വ്യക്തമാക്കി. 1995-ൽ ഈ സഭയിൽ വന്നതാണ്. നിയമം ആകാത്തതുകൊണ്ട് ലാപ്സായിപ്പോയി 1996-ൽ സർക്കുലേറ്റ് ചെയ്തു. കോ-ഓപ്പറേറ്റീവ് ആക്ട് അനുസരിച്ച് ജെ. ആറിനു പവർ ഡെലിഗേറ്റ് ചെയ്യാവുന്ന വിധത്തിലുള്ള അമെന്റ്മെന്റാണ് ഉദ്ദേശിക്കുന്നത്. അതിൽ ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞ ഇവാല്യൂവേഷന്റെ കാര്യത്തെക്കുറിച്ച് ഒക്കെ ഞാൻ അന്നു പറഞ്ഞു. ഇവിടുത്തെ രജിസ്ട്രാർ കാണണ്ട. കാസർഗോഡ് ആണെങ്കിൽ അവിടത്തെ ജെ.ആർ.തന്നെ അംഗീകരിച്ച് കൊടുത്തതോടെ എന്നുമാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. ഇതിന്റെ ഒക്കെ ഭാഗമായിവരുന്ന മറ്റു ചില അമെന്റുമെന്റുകളിലും ഈ ഒരൊറ്റ കാര്യമേയുള്ളൂ. വേറൊരു ദുരുദ്ദേശവുമില്ല. അഗ്രിക്കൾച്ചർ ബാങ്കിലെ ഒരൊറ്റ കുഞ്ഞുപോലും ഇതിനെ എതിർത്തില്ല. ഇതുവേണം എന്നത് അവർ ആദ്യഘട്ടത്തിൽതന്നെ ഉന്നയിച്ചതാണ്. അതിന്റെ കൂടി ഭാഗമായിട്ടായിരിക്കും 1995-ൽ ബില്ലായി

LIBRARY ARCHIVES Kerala Legislative Assembly

വന്നത്. പക്ഷെ ലാപ്സായിപ്പോയത് കൊണ്ട് അതു തിരിച്ചുവരുത്തുക എന്നതു മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. വേറെ ഒന്നും ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ട് ഉന്നയിക്കപ്പെട്ടിട്ടുള്ള ഭേദഗതികൾ സ്വീകരിക്കുവാൻ നിർവ്വാഹ കമില്ല എന്നതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ഇതിൽ വകുപ്പുകൾക്ക് ഭേദഗതിയില്ല.

ശ്രീ. കെ.സി. വേണുഗോപാൽ അവതരിപ്പിച്ച ഭേദഗതി നിരാകരിക്ക പ്പെട്ടു.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനു മതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക- ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി ബിൽ) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മി. സ്പീക്കർ : 2-ാം വകുപ്പിനു ഭേദഗതിയില്ല.

2-ാം വകുപ്പു ബില്ലിന്റെ ഭാഗമാകണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയുടെ പേരും

മി. സ്പീക്കർ : ഭേദഗതിയില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക - ഗ്രാമീണ ബാങ്കു കൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേ യത്തെ പിന്താങ്ങുന്നു.

1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : ഇതു എന്നേ പാസ്സാക്കേണ്ടിയിരുന്നതാണ്. Better late than never എന്നുപറയുന്നതുപോലെ, നമ്മൾ കൂട്ടായി ചർച്ച ചെയ്ത് ബി.എ. സി. യിൽ തീരുമാനിച്ചതല്ലേ; പൊടിപിടിച്ചു കിടന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ശർമ്മ പറഞ്ഞത് ഇതു നേരത്തേ കൊണ്ടുവന്നതാണെന്നാണ്. ഇതു പണ്ട് ചർച്ചയ്ക്ക് വന്നതാണ്. അപ്പോ ഴൊക്കെ ഓരോ കാരണങ്ങൾ പറഞ്ഞ് ചർച്ചയ്ക്ക് സമയം വേണമെന്ന് പറഞ്ഞ് മാറ്റിയതാണ്. ഇന്ന് റവന്യൂ കാർഡ് ബില്ലിനിടയിൽ ഇതിനുസമയം കണ്ടെത്തി ഇതു പാസ്സാക്കി. ഞങ്ങൾ അത് അംഗീകരിക്കുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആ തീരുമാനം വളരെ ശരിയായിരുന്നു എന്നത് ബോധ്യമായില്ലേ; വളരെ പെട്ടെന്ന് ഒരു നല്ല കാര്യം ചെയ്തല്ലോ. പക്ഷെ ഇതുപോലെ പല നിയമങ്ങളും പൊടിപിടിച്ച് കിടക്കുന്നുണ്ട്. അതു പരിശോധിച്ചിട്ട് അത്യാവശ്യമായിട്ടുള്ളത് പാസ്സാക്കിയിട്ട് ബാക്കിയുള്ളത് കളയാം. ഇനി 1997-ലെ കേരള റവന്യൂ കാർഡ് ബിൽ.

2. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1997-ലെ കേരള റവന്യൂ കാർഡ് ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1997-ലെ കേരള റവന്യൂ കാർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സെലക്ട് കമ്മിറ്റി റിപ്പോർട്ടിനുള്ള വിയോജനസറസു റിപ്പ് എഴുതിയവർ ഒത്തിരിപ്പേരുണ്ട്. ഞാൻ പറയുന്നത് അത്യാവശ്യമുള്ളവർ സംസാരിച്ചാൽ മതി. വിയോജനക്കുറുപ്പ് പലരും തരുമല്ലോ, ഒത്തിരിപ്പേരുണ്ട്.....അതിൽ കാര്യമില്ല..... എല്ലാപേരും ഒരേകാര്യം ആവർത്തിക്കണമെന്നില്ല.....

(അദ്ധ്യക്ഷവേദിയിൽ പ്രൊഫ. സാവിത്രി ലക്ഷ്മണൻ)

ശ്രീ. ഇ.എം. അഗസ്തി: സർ, 1997-ലെ റവന്യൂ കാർഡ് ബിൽ ഈ സഭയിൽ അവതരിപ്പിക്കുവാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ സംസ്ഥാനത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ആളുകൾ ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്ന നിരവധി ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി സർക്കാർ ഓഫീസുകളിൽനിന്നും ആവശ്യമായ രേഖകൾ കിട്ടാതെ അലഞ്ഞു തിരിയുന്ന കാഴ്ച ഹൃദയമുള്ള ആരെയും വേദനിപ്പിക്കുന്നതാണ്. പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ട ആളുകൾ, വിധവാ പെൻഷൻ, മറ്റു ആനുകൂല്യങ്ങൾ, അംഗവൈകല്യമുള്ളവർക്ക് പെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ, കാൻസർ രോഗികൾക്ക് ധനസഹായം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് വരുമാന സർട്ടിഫിക്കറ്റ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, അങ്ങനെ നിരവധി ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിനു സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങി ഒരു എത്തുംപിടിയും ഇല്ലാത്ത സ്ഥിതിയിൽ ജീവിതം അവസാനിപ്പിക്കുന്ന അവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കുവാൻ റവന്യൂ കാർഡ് പ്രയോജനപ്രദമാകും എന്നതുകൊണ്ടാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്.

സർ, ഈ ബില്ലിന്റെ വിശദാംശങ്ങളിലേയ്ക്കു പോയപ്പോൾ ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ വിവരിച്ചതനുസരിച്ചുള്ള ഒരു ഘടന ഇതിലുണ്ടായിട്ടില്ല എന്നുള്ളതുകൊണ്ടാണ് ഞങ്ങൾക്ക് വിയോജനക്കുറിപ്പുകൾ ചുണ്ടിക്കാണിക്കേണ്ടിവന്നത്. ഈ ബിൽ വായിച്ചു നോക്കിയാൽ കാണുന്ന ഒരു കാര്യം, ഇതിൽ റവന്യൂവരുമാനമുള്ളവരും റവന്യൂ ഡിപ്പാർട്ടുമെന്റുമായി

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IV

REPORT OF THE SUBJECT COMMITTEE ON THE KERALA STATE CO-OPERATIVE AGRICULTURAL AND RURAL DEVELOPMENT BANKS (AMENDMENT)BILL 1996 AND THE BILL AS REPORTED BY THE SUBJECT COMMITEE

LIBRARY ARCHIVES Kerala Legislative Assembly

THE KERALA STATE CO-OPERATIVE AGRICULTURAL AND RURAL DEVELOPMENT BANKS (AMENDMENT) BILL, 1996

(Report of the Subject Committee)

Subject Committee IX- Local Administration and Co-operation to which the Kerala State Co-operative Agricultural and Rural Development Banks (Amendment) Bill, 1996 was referred, considered the Bill clause by clause and now submit this, its report with the Bill as reported by the Committe annexed thereto.

2. The Kerala State Co-operative Agricultural and Rural Development Banks (Amendment) Bill, 1996 was published as a Gazette Extraordinary dated November 1, 1996. The Bill was introduced in the Assembly on April 7, 1999 and was referred to the Committee on the same day.

3. The Committee considered the Bill clause by clause at its sitting held on April 7, 1999.

4. The Committee recommends to adopt the Bill with the following modifications:

In the Enacting Formula, the word " Forty-Seventh" Shall be substituted by the word "Fiftieth".

In clause 1 the figures "1996" shall be substituted by the figures "1999"

S. SARMA
Chairman
Subject Committee-IX

LIBRARY ARCHIVES Kerala Legislative Assembly

THE KERALA STATE CO-OPERATIVE AGRICULTURAL AND RURAL DEVELOPMENT BANKS (AMENDMENT) BILL, 1996

(As reported by the Subject Committee)

[The words and figures underlined indicate the modifications suggested by the Committee]

A

BILL

Further to amend the Kerala State Co-operative Agricultural and Rural Development Banks Act, 1984

Preamble.- WHEREAS it is expedient further to amend the Kerala State Co-operative Agricultural and Rural Development Banks Act, 1984, for the purpose hereinafter appearing;

BE it enacted in the Fiftieth Year of the Republic of India as follows:-

1. *Short title and commencement - (1)* This Act may be called the Kerala State Co-operative Agricultural and Rural Development Banks (Amendment)Act, 1999.

(2) It shall come into force at once.

2. *Amendment of Section 2.* -- In section 2 of the Kerala State Co-operative Agricultural and Rural Development Banks Act, 1984 (20 of 1984), for clause (i), the following clause shall be substituted, namely:--

"(i) "Registrar" means the Registrar of Co-operative Societies appointed under sub-section (1) of section 3 of the Kerala Co-operative Societies Act, 1969 (21 of 1969), and includes any officer of the Co-operative department not below the rank of Joint Registrar on whom the power and functions of the Registrar under this Act, except those under section 5 and section 44, are conferred, by general or special order, by the Government;"

Secretariat of the Kerala Legislature
Thiruvananthapuram
April 7, 1999

K. GOPALAKRISHNAN UNNITHAN
Secretary(in charge)

LIBRARY ARCHIVES Kerala Legislative Assembly